ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 17.09.2024

പ്രധാന വാർത്തകൾ

TIME : 12.50 PM

1. പുരാതന കാലം മുതൽ ജലസംരക്ഷണത്തിന് പ്രാധാന്യം നൽകി വരുന്ന രാജ്യമാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. എട്ടാമത് ഇന്ത്യാ ജലവാരം 2024 രാഷ്ട്രപതി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

   **President Draupadi Murmu said that India is a country that has been giving importance to water conservation since ancient times. The 8th India Water Week 2024 was inaugurated by the President in New Delhi.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒഡീഷയിലെ ഭുവനേശ്വറിൽ എത്തി. സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **PM Narendra Modi reached Bhuvaneshwar in Odisha. PM inaugurated various welfare schemes.**

3. സ്വച്ഛത ഹി സേവാ അഭിയാൻ 2024ന് തുടക്കമായി. ലോകത്തിലെ ഏറ്റവും വലിയ വിപ്ലവകരമായ ചുവടുവയ്പ്പാണ് ശുചിത്വ കാമ്പ്യനെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

   **Swachhta Hi Seva Abhiyan 2024 kick started. Vice President Jagdeep Dhankar said that this cleanliness campaign is the biggest revolutionary step in the world.**

4. ഡൽഹി മുഖ്യമന്ത്രിയായി ആം ആദ്മി പാർട്ടി നേതാവ് അതിഷി മർലേനയെ തിരഞ്ഞെടുത്തു.

   **Aam Aadmi Party today senior party leader Atishi as the new Chief Minister of Delhi.**

5. കേരളത്തിൽ നിപ രോഗവ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. ആശങ്കപ്പെടേണ്ട സാഹചര്യ ഇല്ലെന്നും ആരോഗ്യമന്ത്രി.

**Health Minister Veena George said that efforts are in progress to prevent the spread of Nipah disease in Kerala. Health Minister also said that there is no need to worry.**

6. ചൈനയിൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും.

**India will face the host China today in the Asian Champions Trophy hockey final today.**

&&&&&&&&&&&&&&&&

## HEADLINE – 1
## INDIA WATER WEEK

എട്ടാമത് ഇന്ത്യാ ജലവാരം 2024 രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്തു. ജലസംരക്ഷണം, ജലവിനിയോഗം എന്നിവയിൽ കുട്ടികൾക്ക് വലിയ പങ്കുണ്ടെന്നും ശ്രീമതി മുർമു പറഞ്ഞു. ആസാദി കാ അമൃത് മഹോത്സവത്തിലൂടെ അമൃത് സരോവറുകൾ നിർമ്മിക്കുകയും നിരവധി ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. വർഷങ്ങൾക്ക് മുമ്പ് തന്നെ ഇന്ത്യൻ പുരാതന ഗ്രന്ഥങ്ങൾ ജലസംരക്ഷണത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് പ്രസിഡന്റ് വോയിസ്)

നാല് ദിവസത്തെ മേളയിൽ 40 രാജ്യങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം വിദേശ പ്രതിനിധികൾ ഉൾപ്പെടെ നാലായിരത്തോളം പ്രതിനിധികളാണ് പങ്കെടുക്കുന്നത്.

****************************************

## HEADLINE – 2

## PM - ODISHA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ ഒഡീഷയിലെ ഭുവനേശ്വറിലെത്തി. സംസ്ഥാന സർക്കാരിന്റ് പുതിയ വനിതാ കേന്ദ്രീകൃത സംരംഭമായ സുഭദ്ര യോജനയും റെയിൽവേ, ദേശീയ പാത പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യു. ഇന്ന് ജന്മദിനം ആഘോഷിക്കുന്ന പ്രധാനമന്ത്രിക്ക് ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉജ്ജ്വലമായ പരമ്പരാഗത സ്വീകരണം ഒരുക്കിയിരുന്നു. സംസ്ഥാനത്തെ 21 നും 60 നും ഇടയിൽ പ്രായമുള്ള എല്ലാ യോഗ്യരായ സ്ത്രീകൾക്കും അഞ്ച് വർഷത്തേക്ക് 50,000 രൂപ ലഭ്യമാക്കുന്ന പദ്ധതിയാണ് സുഭദ്ര യോജന. ഭുവനേശ്വറിലെ ഗഡകാനയിലെ പ്രധാൻമന്ത്രി ആവാസ് യോജന-അർബന്റെ 20 ഗുണഭോക്താക്കളുമായി ശ്രീ മോദി ആശയവിനിമയം നടത്തി.

****************************************

## HEADLINE – 4
## ARAVIND KEJRIWAL

ഡൽഹി മുഖ്യമന്ത്രിയായി ആം ആദ്മി പാർട്ടി നേതാവ് അതിഷി മർലേനയെ തിരഞ്ഞെടുത്തു. മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് അരവിന്ദ് കെജ്രിവാൾ രാജി പ്രഖ്യാപിച്ചതിനെ തുടർന്ന് ഇന്ന് ചേർന്ന നിയമസഭാ കക്ഷിയോഗമാണ് അതിഷിയെ തിരഞ്ഞെടുത്തത്. നിലവിൽ ഡൽഹിയിലെ ജലവകുപ്പ് മന്ത്രിയാണ് അതിഷി. അരവിന്ദ് കെജ്രിവാൾ ഇന്ന് വൈകുന്നേരം ഡൽഹി ലഫറ്റനന്റ് ഗവർണർ ജനറൽ വി കെ സസ്കസേനയെ നേരിൽ കണ്ട് രാജി സമർപ്പിക്കുമെന്നാണ് വിവരം.

****************************************

## HEADLINE – 3
## SWACCHATA HI SEVA ABHIYAN

രാജ്യത്ത് സ്വച്ഛത ഹി സേവാ അഭിയാൻ 2024 ന് തുടക്കമായി. 2014 ഓഗസ്റ്റ് 15 ന് പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ

ശുചിത്വ കാമ്പയിനായുള്ള പ്രഖ്യാപനം ഒരു ദശാബ്ദത്തിനിടയിലെ ലോകത്തിലെ ഏറ്റവും വലിയ വിപ്ലവകരമായ ചുവടുവയ്പ്പാണെന്ന് തെളിയിച്ചതായി ഉപരാഷ്ട്രപതി ജഗദീപ് ധൻകർ പറഞ്ഞു. ഈ പദ്ധതി രാജ്യത്ത് തുടർച്ചയായ മാറ്റത്തിന്റെ പ്രതീകമായി മാറിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. രാജസ്ഥാനിലെ ചുൻഝുനുവിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് ഉപരാഷ്ട്രപതി വോയിസ്)

സ്വഭാവ സ്വച്ഛത-സംസ്കാർ സ്വച്ഛത എന്നതാണ് ഈ വർഷത്തെ പ്രമേയം. എല്ലാ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും പരിപാടിയുടെ ഭാഗമാകും. ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 വരെയാണ് ക്യാമ്പെയിൻ.

*****************************************

## SWACHHATA PAKHWADA

2014 മുതൽ രാജ്യത്ത് ആരംഭിച്ച ശുചിത്വ യജ്ഞത്തിന് ലഭിച്ചുവരുന്ന വർദ്ധിച്ച ജനപങ്കാളിത്തവും പിന്തുണയും, ശക്തമായ പൗരബോധത്തെയാണ് ചൂണ്ടിക്കാണിക്കുന്നത് എന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷനിൽ സ്വച്ഛത പക്വാഡ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കൂൾ വിദ്യാർത്ഥികൾ, എൻസിസി കാഡറ്റുകൾ, റെയിൽവേ, കോസ്റ്റ് ഗാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

*****************************************

## SHAH - 100 DAYS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലെ സർക്കാർ രാജ്യത്തിന്റെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തിയതായും ഇത് 'സുരക്ഷിത ഇന്ത്യ' കെട്ടിപ്പടുക്കാൻ സഹായിച്ചതായും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്തെ വളർച്ചയുടെ പാതയിലേക്ക് കൊണ്ടുപോകാൻ കേന്ദ്ര സർക്കാർ നിരവധി നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ശ്രീ ഷാ പറഞ്ഞു. മൂന്നാം മോദി സർക്കാർ 100 ദിവസത്തിനിടെ 15 ലക്ഷം കോടി രൂപയുടെ പദ്ധതികൾ അനുവദിക്കുകയും അവയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി പറഞ്ഞു.
****************************************

## PREZ VP, SHAH - - PM BIRTHDAY

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ജന്മദിന ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയ പ്രമുഖർ. തന്റെ വ്യക്തിത്വത്തിലൂടെയും പ്രവർത്തനത്തിലൂടെയും ശ്രീ മോദി രാജ്യത്തിന്റെ അഭിവൃദ്ധിയും അന്തസ്സും വർധിപ്പിച്ചതായി രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. തുടർച്ചയായ ഭരണത്തിലൂടെ ശ്രീ മോദി രാജ്യത്തിന്റെ ആത്മാവിനെ ഉണർത്തുകയും സാംസ്കാരിക മൂല്യങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്തെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.
****************************************

## PM-VISHWAKARMA

പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാവർക്കും വിശ്വകർമ ജയന്തി ദിനാശംസകൾ നേർന്നു. സൃഷ്ടി, നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദഗ്ധരും കഠിനാധ്വാനികളുമായ എല്ലാവരെയും ഈ അവസരത്തിൽ പ്രത്യേകം ആദരിക്കുന്നതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ പറഞ്ഞു. വികസിതവും സ്വാശ്രയവുമായ ഇന്ത്യയെന്ന ആഗ്രഹം പൂർത്തീകരിക്കുന്നതിൽ ഇവരുടെ സംഭാവന സമാനതകളില്ലാത്തതായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
****************************************

## HEADLINE – 5

## NIPAH

സംസ്ഥാനത്ത് നിപ സ്ഥിരീകരിച്ച മലപ്പുറം ജില്ലയിൽ 175 പേർ സമ്പർക്ക പട്ടികയിൽ. ഇതിൽ 74 പേർ ആരോഗ്യ

പ്രവർത്തകരാണ്. കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ ട്യൂഷൻ സെൻററുകളും അങ്കണവാടികളും അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കരുതെന്ന് നിർദ്ദേശം നൽകി. ജനങ്ങൾ പുറത്തിറങ്ങുമ്പോൾ നിർബന്ധമായും മാസ്ക് ധരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും രോഗവ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ആരോഗ്യമന്ത്രി വീണാ ജോർജ്ജ് അറിയിച്ചു.

****************************************

## HEADLINE – 6

## HOCKEY ASIAN CHAMPIONSHIP

ചൈനയിൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും. ഉച്ചകഴിഞ്ഞ് 3:30 നാണു മത്സരം. തുടർച്ചയായ രണ്ടാം സ്വർണം ലക്ഷ്യമിട്ടാണ് ഇന്ത്യ ഇന്നിറങ്ങുന്നത്.

****************************************

## CHESS OLYMPIAD

45-ാമത് ലോക ചെസ് ഒളിംപ്യാഡിൽ ഹംഗറിക്കെതിരെ ഇന്ത്യയ്ക്കു തകർപ്പൻ ജയം. ഓപ്പൺ വിഭാഗത്തിൽ 3-1 ന് ആണ് ഹംഗറിയെ ഇന്ത്യ തോൽപിച്ചത്. ആറാം റൗണ്ടിൽ ഇന്ത്യയുടെ വനിതാ ടീം അർമേനിയയെയും പരാജയപ്പെടുത്തി. ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളുടെ തുടർച്ചയായ ആറാം ജയമാണിത്. ഇതോടെ ഇരു ടീമുകളും പട്ടികയിൽ ഒന്നാം സ്ഥാനത്താണ്.

****************************************

## INDIA - COP9 BUREAU

കായിക മേഖലയിലെ ഉത്തേജക മരുന്ന് ഉപയോഗം തടയുന്നത് ലക്ഷ്യമിട്ടുള്ള രണ്ട് സുപ്രധാന ഉന്നതതല യോഗങ്ങൾക്ക് ഇന്ത്യ ഇന്ന് വേദിയാകും. COP-9 ബ്യൂറോയുടെ രണ്ടാമത് ഔദ്യോഗിക യോഗം, കായിക രംഗത്തെ ഉത്തേജക മരുന്ന് ഉപയോഗത്തിനെതിരായ യുനെസ്കോ അന്താരാഷ്ട്ര കൺവെൻഷന് കീഴിലുള്ള ഫണ്ട് അപ്രൂവൽ സമിതിയുടെ

മൂന്നാമത് ഔദ്യോഗിക യോഗം എന്നിവയാണ് ന്യൂഡൽഹിയിൽ ഇന്നുമുതൽ നടക്കുക. ഫ്രാൻസ്, ഇറ്റലി, റഷ്യ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.

****************************************

**REV. UP BLAST DEATH**

ഉത്തർപ്രദേശിലെ ഫിരോസാബാദ് ജില്ലയിലെ പടക്ക ഫാക്ടറിയിൽ ഇന്നലെ രാത്രിയുണ്ടായ സ്ഫോടനത്തിൽ ഒരു കുട്ടിയും സ്ത്രീയുമടക്കം അഞ്ചുപേർ മരിച്ചു. സംഭവത്തിൽ എട്ടിലധികം പേർക്ക് പരിക്കേറ്റു. ഇതിൽ ചിലരുടെ നില ഗുരുതരമാണ്.

****************************************

**WB RG KAR**

പശ്ചിമബംഗാളിൽ വനിതാ ഡോകടർ ക്രൂരമായി കൊലചെയ്യപ്പെട്ട ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കൊൽക്കത്തയിലെ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നു. ആർ ജി കർ ആശുപത്രിയിലെ രോഗി ക്ഷേമകാര്യ സമിതി ചെയർമാനും തൃണമൂൽ കോൺഗ്രസിലെ എംഎൽഎയുമായ സുദീപ്തോ റോയിയുടെ വീട്ടിലും നഴ്സിംഗ് ഹോമിലും പരിശോധന നടക്കുന്നുണ്ട്.

****************************************

**PM MEMENTO E-AUCTION**

പ്രധാന മന്ത്രി നരേന്ദ്ര മോദിക്ക് ലഭിച്ച സമ്മാനങ്ങളുടെ ഇ-ലേലത്തിന് ഇന്ന് തുടക്കമാകും. 2019 ൽ ആരംഭിച്ച ലേലത്തിന്റെ ആറാം പതിപ്പാണ് ഇന്ന് ആരംഭിക്കുന്നത്. അറുന്നൂറോളം മെമന്റോകൾ ലേലത്തിനായി പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് അറിയിച്ചു. അടുത്ത മാസം രണ്ടാം തീയതി വരെയാണ് ഇ-ലേലം നടക്കുന്നത്. താൽപ്പര്യമുള്ളവർക്ക് ഔദ്യോഗിക വെബ്സൈറ്റായ pmmementos.gov.in വഴി ലേലത്തിൽ പങ്കെടുക്കാം.

******************************************

## NIPAH CONTROL ROOM

മലപ്പുറത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവകുപ്പ് കൺട്രോൾ സെൽ ആരംഭിച്ചു. 0483 - 2732010, 0483 - 2732060 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്. പനി ഉൾപ്പടെയുള്ള രോഗ ലക്ഷണങ്ങൾ കണ്ടാൽ, സ്വയം ചികിത്സിക്കാതെ ഡോക്ടറുടെ ഉപദേശം തേടണം. പക്ഷികൾ, വവ്വാലുകൾ, മറ്റ് ജീവികൾ മുതലായവ കടിച്ചതോ താഴെ വീണുകിടക്കുന്നതോ ആയ പഴങ്ങൾ കഴിക്കരുതെന്നും നിർദേശമുണ്ട്.

*

********************

****************************************************************